**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **31-01-2024 - ൽ മറുപടിയ്ക്ക്**

**വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി' എന്ന സംഘടന നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി വാങ്ങി വനം വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യക്തികളിൽ നിന്നും എത്ര ഭൂമിയാണ് കൈമാറിയതെന്ന വിവരം ലഭ്യമാക്കാമോ; സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഇത്തരത്തിൽ സ്വകാര്യ ഭൂമി വാങ്ങി നൽകുന്നതിന് ആരെങ്കിലും വനം വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ സൗത്ത് ഡിവിഷനിൽ മിസ്സ്.സംഗീത അയ്യർ എക്സിക്യൂട്ടീവ് ഡയറക്ടറായ വോയ്സ് ഫോർ എലിഫൻറ് സൊസൈറ്റി എന്ന സംഘടന സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയ 1.6323 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധമായ ഭൂമി കൈമാറ്റമൊന്നും നാളിതുവരെ നടന്നിട്ടില്ല. സംസ്ഥാനത്ത് മറ്റെവിടെയും ഇത്തരത്തിൽ സ്വകാര്യഭൂമി വാങ്ങി നൽകുന്നതിന് ആരും തന്നെ വനംവകുപ്പിനെ സമീപിച്ചിട്ടില്ല. |
| (ബി) | 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി'യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ കേരളത്തിലെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കെന്ന പേരിൽ വിദേശ ക്രൗഡ് ഫണ്ടിങ്ങ് വെബ്സൈറ്റുകൾ വഴി ധനസമാഹരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മേൽ സംഘടനയ്ക്കെതിരെ 'വിശ്വഗജസേവാസമിതി' എന്ന നാട്ടാന പ്രേമി സംഘടന ഹൈക്കോടതിയിൽ നൽകിയ WP(C) 30255/2019 നമ്പർ പൊതുതാല്പര്യ ഹർജിയിൽ വനം വകുപ്പ് കക്ഷി ആണോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | വിശ്വഗജസേവാസമിതി എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C)30255/2019 നമ്പർ കേസിൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ (കേരളം), വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം എന്നിവർ യഥാക്രമം 1 മുതൽ 3 വരെ എതിർകക്ഷികളാണ്. ടി കേസ് നിലവിൽ ബഹു. കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി'യുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ട് കേരള വനം വകുപ്പ് ഇതുവരെ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും | (ഡി) | വോയിസ് ഫോർ ഏഷ്യൻ എലിഫൻറ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ട് കേരള വനംവകുപ്പ് പദ്ധതികളോ, പരിപാടികളോ നടപ്പിലാക്കുകയോ, സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| | പദ്ധതികൾ നടപ്പാക്കിയ സ്ഥലങ്ങളും ഫോറസ്റ്റ് റെയിഞ്ച്, ഡിവിഷനുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത വ്യക്തിയുമായി ബന്ധപ്പെട്ട് 'ജന്റിൽ ജയന്റ് സമ്മിറ്റ്' എന്ന പേരിൽ ഒരു പരിപാടി വനം വകുപ്പ് സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഈ പരിപാടിയുടെ ബ്രോഷറിന്റെ പകർപ്പും വരവ്-ചെലവ് കണക്കുകളും ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ